(ഇ) 14-1-2004-ൽ അന്നത്തെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിരുന്ന ഹൈ ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ അഗ്രികൾച്ചറൽ ട്രേഡ് മൂന്ന് തവണ കൂടിയതായി ലഭ്യമായ രേഖകളിൽ കാണുന്നു. 29-8-2006-ൽ ആണ് പ്രസ്തുത കമ്മിറ്റി അവസാനമായി (മൂന്നാമത്) കൂടിയത്. ആ യോഗത്തിന്റെ തീരുമാനങ്ങൾ ലഭ്യമല്ല.

കാർഷികരംഗം നേരിടുന്ന വെല്ലുവിളികൾ

174 (4214) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കാലാവസ്ഥയിലുണ്ടായ വ്യതിയാനം കാർഷിക രംഗത്തെ എപ്രകാരമാണ് ബാധിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാലാവസ്ഥാ വ്യതിയാനത്തിന് അടിമപ്പെടാൻ സാധ്യതയുള്ള വിളകളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ചുവടെ ചേർക്കുന്നു :

1. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വിളനാശം
2. കാർഷികോൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ
3. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം
4. വ്യാവസായിക-നിർമ്മാണ മേഖലയിലെ പുരോഗതി കാർഷിക മേഖലയെ പരോക്ഷമായി ബാധിക്കുന്നു എന്നിവ.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കാർഷിക പ്രവൃത്തികൾ സീസൺ അടിസ്ഥാനത്തിൽ ചെയ്യപോരുന്നവയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിത്ത്/നടീൽ മുതൽ വിളവെടുപ്പ്വരെ കാലാവസ്ഥയെ ആശ്രയിച്ച് നടപ്പിലാക്കുന്നതാണ്. അകാലമായുണ്ടാകുന്ന മഴ, വരൾച്ച തുടങ്ങിയവ വിളനാശത്തിന് കാരണമാകുന്നു. ഇതോടൊപ്പം അന്തരീക്ഷ താപനില, ആർദ്രത എന്നിവയിലുണ്ടാകുന്ന വ്യതിയാനം കീടരോഗാണുക്കളുടെ പെറ്റുപെരുകലിനും തദ്വാരാ വിളനാശത്തിനും കാരണമാകുന്നു.

(സി) കൃഷിവകുപ്പ് മുഖേന നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

ചാത്തന്നൂർ മണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതി

175 (4215) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് നബാർഡ് എത്ര കോടി രൂപയുടെ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും, ഭരണാനുമതി നൽകിയത് എന്നാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു ; കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നത്തേക്ക് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ നിർമ്മാണ ജോലികളാണ് വിഭാവന ചെയ്തിരുന്നതെന്ന് അറിയിക്കാമോ; ഇതിൽ എത്രത്തോളം ജോലികൾ പൂർത്തീകരിച്ചുവെന്നും എത്ര രൂപ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ ജോലികളിൽ ശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3,20,00,000 രൂപയുടെ പദ്ധതിക്ക് 14-3-2011-ന് ഭരണാനുമതി നൽകുകയും 6-8-2014-ന് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പൂർത്തീകരണ കാലാവധി 2013 മാർച്ച് ആയിരുന്നു. പ്രസ്തുത കാലാവധി 2015 മാർച്ച് വരെ ദീർഘിപ്പിച്ചിരുന്നു.

(സി)

1. തോടിന്റെ ആഴം കൂട്ടൽ, ബണ്ട് ബലപ്പെടുത്തൽ.
2. തലച്ചിറ-കളം നിർമ്മാണം.
3. ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ

LIBRARY ARCHIVES Kerala Legislative Assembly